REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 10-12-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ 70.9 ശതമാനം പോളിംഗ്. രണ്ടാം ഘട്ടത്തിന് ഇന്ന് ഏഴ് ജില്ലകളിൽ നിശബ്ദ പ്രചാരണം- വോട്ടെടുപ്പ് നാളെ.**
- **ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം.ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യാതിഥിയാകും.**
- **ഇൻഡിഗോ വിമാനക്കമ്പനിയോട് വിന്റർ ഷെഡ്യൂളിലെ പത്ത് ശതമാനം സർവീസുകൾ വെട്ടിക്കുറയ്ക്കാൻ DGCA നിർദ്ദേശം.**
- **ലോക്സഭയിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്കരണ ചർച്ചയും, രാജ്യസഭയിൽ വന്ദേമാതരം 150-ാം വാർഷിക ചർച്ചയും ഇന്ന് സമാപിക്കും.**
- **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്ക് ജയം.**

## വാർത്തകൾ വിശദമായി

**തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ 70.9 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മുഴുവൻ കണക്കുകളും ലഭ്യമാകുമ്പോൾ നേരിയ മാറ്റമുണ്ടായേക്കും- അന്തിമ കണക്ക് ഇന്നറിയാം.**

**തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടം തികച്ചും സമാധാനപരമായിരുന്നെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ വിലയിരുത്തി. ഇതിന് സഹകരിച്ച വോട്ടർമാർക്കും, സ്ഥാനാർത്ഥികൾക്കും, രാഷ്ട്രീയ**

പാർട്ടികൾക്കും അദ്ദേഹം നന്ദി അറിയിച്ചു. നാളത്തെ രണ്ടാം ഘട്ട വോട്ടെടുപ്പും സമാധാനപരമാക്കാൻ കമ്മീഷണർ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

നാളത്തെ തദ്ദേശ തിരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിന് ഇന്ന് ഏഴ് ജില്ലകളിൽ നിശബ്ദ പ്രചാരണമാണ്.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)....

തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ നാളെയാണ് വോട്ടെടുപ്പ്. ഈ ഘട്ടത്തിൽ ഒരു കോടി 53 ലക്ഷത്തി 37,176 വോട്ടർമാരും, 38,994 സ്ഥാനാർത്ഥികളുമുണ്ട്. 604 തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടെടുപ്പിന് 18,274 ബൂത്തുകളാണ് ഒരുക്കിയിരിക്കുന്നത്. 470 ഗ്രാമപഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്തുകൾ, ഏഴ് ജില്ലാപഞ്ചായത്ത്, 47 മുൻസിപ്പാലിറ്റി, മൂന്ന് കോർപറേഷൻ എന്നിവിടങ്ങളിലെ 12,391 വാർഡുകളിൽ നാളെ ജനങ്ങൾ വിധിയെഴുതും.

ഏഴ് ജില്ലകളിലായി 2,055 പോളിംഗ് സ്റ്റേഷനുകളെ പ്രശ്നബാധിത ബൂത്തുകളായി കണ്ടെത്തിയിട്ടുണ്ട്. കണ്ണൂരിൽ 1,025 ഉം, മലപ്പുറത്ത് 295 ഉം, വയനാട്ടിൽ 189 ഉം, പാലക്കാട്ട് 180 ഉം, കോഴിക്കോട്ട് 166 ഉം, കാസർക്കോട്ട് 119 ഉം, തൃശൂരിൽ 81 ഉം ബൂത്തുകൾ ഇവയിലുൾപ്പെടുന്നു.

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെയും, തിരഞ്ഞെടുപ്പ് സാമഗ്രികളുടെയും വിതരണം രാവിലെ ആരംഭിക്കും. പോളിംഗ് സ്റ്റേഷനുകളായും, വിതരണ - സ്വീകരണ കേന്ദ്രങ്ങളായും നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം കേന്ദ്രങ്ങൾക്ക് ഇന്നും, വോട്ടെടുപ്പു ദിവസമായ നാളെയും അവധിയായിരിക്കും. വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വെള്ളിയാഴ്ചയും, ശനിയാഴ്ചയും അവധി നൽകിയിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന ഓഫീസ് ഐഡന്റിറ്റി കാർഡും തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

ആലപ്പുഴ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡിലെ ഒന്നാം പോളിംഗ് ബൂത്തിൽ നാളെ റീപോളിംഗ് നടത്തും. വോട്ടിംഗ് യന്ത്രത്തിലെ തകരാറുമൂലം ഇന്നലെ വോട്ടെടുപ്പ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് റീപോളിംഗിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചത്.

✪✪✪

കേരളത്തിലെ ഏക ഗോത്ര വർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ 68.71 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 1,803 വോട്ടർമാരിൽ 1,239 പേർ 14 വാർഡുകളിലായി വോട്ട് ചെയ്തു.

✪✪✪

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഒഴികെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

....( വോയ്സ്).........

✪✪✪

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. 1948-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിന്റെ ഓർമക്കാണ് എല്ലാ വർഷവും ഡിസംബർ 10 അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. വംശം, ലിംഗം, ദേശീയത, മതം എന്നീ ഭേദങ്ങളില്ലാതെ എല്ലാവർക്കും തുല്യമായി ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ദിനമാണിത്.

ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യാതിഥിയായിരിക്കും. ഭാരത് മണ്ഡപത്തിലാണ് ദിനാഘോഷം.

മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് ഇന്ന് ദിനാഘോഷം സംഘടിപ്പിക്കും. മനുഷ്യാവകാശ കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് അദ്ധ്യക്ഷനാവും. നിയമ സർവകലാശാല വൈസ് ചാൻസലർ ഡോ.ജി ബി റെഡ്ഡി മുഖ്യപ്രഭാഷണം നടത്തും

✪✪✪

ഇന്ത്യയുടെ സെമികണ്ടക്ടർ യാത്രയിൽ പങ്കാളിയാകാൻ പ്രതിബദ്ധമാണെന്ന ഇന്റൽ CEO ലിപ് ബു -ടാന്റെ തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. കേന്ദ്ര ഇലക്ട്രോണിക്സ് - IT മന്ത്രി അശ്വിനി വൈഷ്ണവുമായി ഇന്നലെ കൂടിക്കാഴ്ച നടത്തിയപ്പോഴാണ് ഇന്റൽ CEO ഈ ഉറപ്പ് നൽകിയത്.

✪✪✪

ഇൻഡിഗോ വിമാനക്കമ്പനിയോട് വിന്റർ ഷെഡ്യൂളിലെ പത്ത് ശതമാനം സർവീസുകൾ വെട്ടിക്കുറയ്ക്കാൻ സിവിൽ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ നിർദ്ദേശം നൽകി. സർവീസുകൾ കാര്യക്ഷമമായി നടത്താൻ ഇൻഡിഗോയ്ക്ക് കഴിഞ്ഞില്ലെന്ന വിലയിരുത്തലിലാണ് നടപടി.

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**.......(വോയ്സ്)....**

**നവംബറിൽ 64,346 സർവീസുകൾ ഏറ്റെടുത്ത കമ്പനി, 59,438 സർവീസുകൾ മാത്രമാണ് നടത്തിയതെന്ന് DGCA അറിയിച്ചു. ഇന്ന് വൈകിട്ട് അഞ്ചിനകം പുതിയ ഷെഡ്യൂൾ സമർപ്പിക്കാനും കമ്പനിയോട് ആവശ്യപ്പെട്ടു.**

**നേരത്തെ ഇൻഡിഗോ CEO പീറ്റർ എൽബേഴ്സിനെ മന്ത്രാലയത്തിലേക്ക് വിളിച്ചുവരുത്തിയ കേന്ദ്രമന്ത്രി റാം മോഹൻ നായിഡു, സർവീസ് പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ടു. ഡിസംബർ ആറു വരെ യാത്ര മുടങ്ങിയവർക്ക് ടിക്കറ്റ് നിരക്ക് തിരികെ നൽകിയതായി CEO അറിയിച്ചു. ഇൻഡിഗോ സർവീസുകൾ വെട്ടിക്കുറയ്ക്കുന്നതടക്കം നടപടികൾ ഉണ്ടാകുമെന്നും റാം മോഹൻ നായിഡു അറിയിച്ചു.**

**ലോക്സഭയിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്കരണ ചർച്ച ഇന്ന് അവസാനിക്കും. ആഭ്യന്തര മന്ത്രി അമിത് ഷാ ചർച്ചകൾക്ക് മറുപടി നൽകും. 10 മണിക്കൂറാണ് ചർച്ചക്ക് സമയം നൽകിയിരിക്കുന്നത്.**

**രാജ്യസഭയിൽ വന്ദേമാതരത്തിന്റെ 150-ാം വാർഷികം സംബന്ധിച്ച ചർച്ചയും ഇന്ന് സമാപിക്കും. കേന്ദ്രമന്ത്രി JP നദ്ദ ചർച്ചകൾക്ക് മറുപടി നൽകും.**

✪✪✪

**കേന്ദ്ര വിവരാവകാശ കമ്മീഷനിലെ മുഖ്യ കമ്മീഷണറെയും, മറ്റ് കമ്മീഷണർമാരെയും തീരുമാനിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പാനൽ ഇന്ന് ഡൽഹിയിൽ യോഗം ചേരും. പ്രധാനമന്ത്രിക്കു പുറമെ, പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പ്രധാനമന്ത്രി നിയോഗിക്കുന്ന കേന്ദ്രമന്ത്രി എന്നിവരാണ് പാനൽ അംഗങ്ങൾ.**

✪✪✪

**സംസ്ഥാനത്ത് ഇന്നലെ രാത്രി എട്ട് വരെ രണ്ട് കോടി 73 ലക്ഷത്തി 67,000 ത്തിൽപ്പരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 98. 26 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകൾ 23 ലക്ഷത്തോളമായി ഉയർന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.**

✪✪✪

സാങ്കേതിക - ഡിജിറ്റൽ സർവകലാശാലകളിലെ സ്ഥിരം VC മാരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ ലോക്ഭവനിൽ രാവിലെ ഗവർണറുമായി കൂടിക്കാഴ്ച നടത്തും. ഗവൺമെന്റും, ഗവർണറും ചേർന്ന് വ്യാഴാഴ്ചക്കകം VC നിയമനത്തിൽ തീരുമാനമെടുക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. സമവായത്തിലെത്താൻ കഴിഞ്ഞില്ലെങ്കിൽ VC നിയമനം കോടതിയ്ക്ക് നടത്തേണ്ടി വരുമെന്ന് ഡിവിഷൻ ബെഞ്ച് അറിയിച്ചിരുന്നു.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ 101 റൺസിന് പരാജയപ്പെടുത്തി. കട്ടക്കിൽ 176 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്കയെ 74 റൺസിന് ഇന്ത്യ തകർത്തു. ഇന്ത്യയ്ക്ക് വേണ്ടി അർഷ്ദീപ് സിംഗ്, ജസ്പ്രീത് ബുംറ, വരുൺ ചക്രവർത്തി, അക്സർപട്ടേൽ എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. 28 പന്തിൽ നിന്ന് 59 റൺസെടുത്ത ഹർദിക് പാണ്ഡ്യയാണ് പ്ലയർ ഓഫ് ദ മാച്ച്.

അഞ്ച് മത്സര പരമ്പരയിലെ രണ്ടാം മത്സരം വ്യാഴാഴ്ച ന്യൂഛണ്ഡിഗഡിലെ മുലൻപൂരിൽ വൈകിട്ട് ഏഴിനാണ്.

✪✪✪

FIH ഹോക്കി ജൂനിയർ വനിതാ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇന്ത്യ, ഉറുഗ്വേയെ പരാജയപ്പെടുത്തി. ഷൂട്ടൗട്ടിൽ ഒന്നിനെതിരെ മൂന്ന് ഗോളിനാണ് ഇന്ത്യയുടെ വിജയം. വ്യാഴാഴ്ച സ്പെയിനുമായി ഇന്ത്യ മത്സരിക്കും.

✪✪✪

ജൂനിയർ ഹോക്കി ലോകകപ്പിലെ ലൂസേഴ്സ് ഫൈനലിൽ ഇന്ത്യൻ പുരുഷ ടീം അർജ്ജന്റീനയെ നേരിടും. വൈകിട്ട് അഞ്ചരയ്ക്ക് ഡൽഹിയിലാണ് മത്സരം.

✪✪✪

14-ാമത് അഡ്മിറൽ കപ്പ് പായ്വഞ്ചിയോട്ട മത്സരം ഏഴിമലയിൽ പുരോഗമിക്കുന്നു. 30 ലേറെ രാജ്യങ്ങളിലെ നാവിക സേനാംഗങ്ങളാണ് എട്ടിക്കുളം ബീച്ചിലെ വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്നത്. അക്കാദമി കമാണ്ടന്റ് അഡ്മിറൽ മനീഷ് ഛദ്ധ മത്സരം ഉദ്ഘാടനം ചെയ്തു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ രാജ്യാന്തര ബന്ധം ആരോപിച്ച കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല ഇന്ന് ക്രൈം ബ്രാഞ്ച് ആസ്ഥാനത്തെത്തി SIT ക്ക് മൊഴി നൽകും. ശബരിമലയിലെ

സ്വർണ്ണപ്പാളികൾ രാജ്യാന്തര പുരാവസ്തു വിൽപന സംഘത്തിന് കൈമാറിയിട്ടുണ്ടെന്ന് കാണിച്ച് രമേശ് ചെന്നിത്തല നേരത്തെ അന്വേഷണ സംഘത്തിന് കത്ത് നൽകിയിരുന്നു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ ബംഗളൂരുവിലെ യുവതി നൽകിയ പീഡനപരാതിയിൽ രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ ഇന്ന് വിധി ഇന്നുണ്ടായേക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യാപേക്ഷ പരിഗണിക്കുന്നത്.

✪✪✪

വയനാട്ടിൽ കാട്ടാനയുടെ ആക്രമണത്തിൽ വൃദ്ധയ്ക്ക് പരിക്കേറ്റു. പുൽപ്പള്ളി ചീയമ്പം 73 ഉന്നതിയിലെ മാച്ചി എന്ന 60 കാരിയെയാണ് ഇന്നലെ വൈകിട്ട് ആന ആക്രമിച്ചത്. ഇവരെ മാനന്തവാടി വയനാട് മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു.

✪✪✪

നിലമ്പൂർ വനത്തിൽ എട്ടു ദിവസം നീണ്ട കടുവ കണക്കെടുപ്പ് അവസാനിച്ചു. മൃഗങ്ങളുടെ കാല്പാടുകൾ, കാഷ്ഠം, മറ്റ് അവശിഷ്ടങ്ങൾ, കടുവ മരങ്ങളിൽ മാന്തിയ പാടുകൾ എന്നിവ പ്രത്യേക സോഫ്റ്റ്‌വേറിൽ രേഖപ്പെടുത്തിയാണ് കടുവകളുടെ കണക്കെടുത്തത്.

✪✪✪

---

*News Editor & News Reader : അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൽകകബീർ, രജിന കെ*
*DEO : ഷീബ*